സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

131 [2741] ശ്രീ. പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ:
,, ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം ഇതിനകം എത്ര പേർക്ക് ലഭിച്ചു; ബ്ലോക്കു തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഈ പദ്ധതിക്കായി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും സഹായം നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) റിവോൾവിംഗ് ഫണ്ട്, ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ്, സ്വയംതൊഴിൽ പരിശീലനം എന്നിവക്കായി ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന 1999-2000 സാമ്പത്തികവർഷം മുതലാണ് ആരംഭിച്ചത്.

ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന കുടുംബങ്ങളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കി കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. പാവപ്പെട്ട ആളുകളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിച്ച് പരിശീലനം, സാമൂഹ്യസമാഹരണം, ഗ്രൂപ്പുകളുടെ ശാക്തീകരണം എന്നിവയിലൂടെ ബാങ്ക് വായ്പ, സബ്സിഡി എന്നിവ നൽകി വരുമാന ജനകങ്ങളായ ആസ്തികം നേടിയെടുക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) 1,55,270 പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്കു തിരിച്ചുള്ള കണക്ക് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. 5,524.93 ലക്ഷം രൂപ.

(ഡി) ഈ പദ്ധതി ആരംഭിച്ചതുമുതൽ റിവോൾവിംഗ് ഫണ്ട്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ്, സ്വയംതൊഴിൽ പരിശീലനം എന്നിവയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

റിവോൾവിംഗ് ഫണ്ട്—1,263.78 ലക്ഷം രൂപ.
ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ്—1,292.75 ലക്ഷം രൂപ.
സ്വയംതൊഴിൽ പരിശീലനം—256.74 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly